ദേശാഭിമാനി 03 June 2018

# ചെറുമീൻ പിടിത്തം: കിളിമീൻ ഗണ്യമായി കുറഞ്ഞു

സ്വന്തം ലേഖിക

**കൊച്ചി**

അനിയന്ത്രിത രീതിയിൽ ചെറുമീനുകളെ പിടിച്ചതുമൂലം കഴിഞ്ഞവർഷം കേരളത്തിന് നഷ്ടമായത് 221 കോടി രൂപയുടെ മത്സ്യസമ്പത്താണെന്ന് പഠനം. ചെറുമീൻ ഇനത്തിൽ കിളിമീനുകളെയാണ് കഴിഞ്ഞവർഷം ഏറ്റവുമധികം പിടിച്ചതെന്നും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പഠനം വ്യക്തമാക്കുന്നു.

ചെറുമീനുകളെ വൻതോതിൽ പിടിക്കുന്നതുമൂലം മത്സ്യത്തിന്റെ മൊത്ത ലഭ്യത, ഉൽപ്പാദനം, വംശസംഖ്യാ വർധന, പ്രജനനം എന്നിവ താളംതെറ്റി. കേരളത്തിന്റെ മത്സ്യമേഖലയുടെ പുരോഗതി ലക്ഷ്യമാക്കി പരിപാലന മാതൃകകൾ രൂപപ്പെടുത്താനുള്ള സിഎംഎഫ്ആർഐയുടെ ഗവേഷണ പദ്ധതിയുടെ ഭാഗമായാണ് പഠനം നടത്തിയത്. സിഎംഎഫ്ആർഐയിൽ നടന്ന ഗുണഭോക്തൃ ശിൽപ്പശാലയിൽ മുഖ്യഗവേഷകൻ ഡോ. ടി എം നജ്മുദീൻ പഠനഫലങ്ങൾ അവതരിപ്പിച്ചു. മത്സ്യത്തൊഴിലാളികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ, സമുദ്രഭക്ഷ്യോൽപ്പന്ന കയറ്റുമതി വിതരണക്കാർ, വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ പ്രതിനിധികൾ, ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിച്ചു.

എൽനിനോയെ തുടർന്ന് കാലാവസ്ഥയിലുണ്ടായ മാറ്റംമൂലമാണ് കഴിഞ്ഞ വർഷങ്ങളിൽ മത്തി കുറഞ്ഞതെന്ന് ഡോ. ഇ എം അബ്ദുസമദ് പറഞ്ഞു. കാലാവസ്ഥ പ്രതികൂലമായതോടെ മത്തിയുടെ പ്രജനനം കുറയുകയും വളർച്ച മുരടിക്കുകയും ചെയ്തു. എന്നാൽ മത്തിയുടെ ലഭ്യതയിൽ കഴിഞ്ഞവർഷത്തെക്കാൾ (2017) 176 ശതമാനം വർധനയുണ്ടായി.